# കർത്താവ് ആരാണെന്ന തിരിച്ചറിവ്

## ലൂക്കോസ് 5:8

**"ശീമോൻ പത്രോസ് അത് കണ്ടിട്ട് യേശുവിന്റെ കാൽക്കൽ വീണു. കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ടു എന്നെ വിട്ടു പോകേണമേ എന്നു പറഞ്ഞു."**

ദൈവം ജീവിതത്തിൽ നമുക്ക് നന്മകളും, അനുഗ്രഹങ്ങളും ചൊരിഞ്ഞു തരുന്നവനാകുന്നു. അവനിൽ നിന്ന് ലഭിക്കുന്നതേ നമുക്ക് ഉള്ളു. ദൈവിക നന്മകൾ പ്രാപിക്കുമ്പോൾ അത് സന്തോഷവും, സംതൃപ്തിയുമാണ്. അത് ഏറ്റം പാരമ്യത്തിൽ തന്നെ.

ഇവിടെ പത്രോസിനും, കൂടെയുള്ളവർക്കും അങ്ങനെ ഒരു കലവറ തുറന്നു കിട്ടിയ അനുഭവം ആയിരുന്നു, തങ്ങളുടെ അദ്ധ്വാനഫലം ഏറ്റം ശ്രേഷ്ഠകരമായ രീതിയിൽ തന്നെ ലഭിച്ചു. അവർക്ക് സന്തോഷവുമുണ്ടായി.

എന്നാൽ ശീമോൻ പത്രോസ് ഇത് കണ്ടിട്ടു കർത്താവിന്റെ കാൽക്കൽ വീണു. താൻ പാപിയായ മനുഷ്യൻ ആകുന്നു. തന്നേ വിട്ട് പോകേണമേ എന്ന് അപേക്ഷിക്കുന്നു. ലഭിച്ച നന്മയെക്കാൾ ഉപരി, നന്മ ചൊരിഞ്ഞുതന്നവൻ ആരാണെന്ന തിരിച്ചറിവ് വ്യക്തമായി പത്രോസിന് ഉണ്ടായി. മൽസ്യസമ്പന്നതയുടെയും, കടലിന്റെ ഭൂമിശാസ്ത്രവും നന്നായി അറിയാമായിരുന്ന പത്രോസിന്റെ ഹൃദയത്തിൽ യേശു ആരാണെന്ന തിരിച്ചറിവ് ലഭിച്ചു. മീൻ ലഭിക്കാൻ സാധ്യതയുള്ളിടത്ത് രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഫലം വൃഥാവായി. പെരുത്ത മീൻകൂട്ടം പിന്നീട് ലഭിക്കണമെങ്കിൽ അതിന്റെ പിന്നിലെ ശക്തി ആരാണെന്ന ബോധ്യം ലഭിച്ചു. അവന്റെ ഹൃദയത്തിൽ യേശുവിനെ കാണേണ്ടപോലെ തന്നെ കണ്ടു. തിരിച്ചറിഞ്ഞു, പാപബോധമുണ്ടായി. കർത്താവിന്റെ മുന്നിൽ നിൽപ്പാൻ താൻ യോഗ്യനല്ലെന്ന് മനസ്സിലായി.

പലപ്പോഴും നാം ലഭിച്ച നന്മകളും വിടുതലും മാത്രം മുന്നിൽ കണ്ടുകൊണ്ട് ദൈവത്തിന് നന്ദി പറഞ്ഞു ജീവിക്കുന്നവരാണ്. തീർച്ചയായും നന്ദിയുള്ളവരായിരിക്കണം. എന്നാൽ യേശു ദൈനംദിന ആവശ്യങ്ങളുടെ മേൽ, സാധ്യവും, അസാധ്യവുമായ കാര്യങ്ങളുടെ മേൽ ഇടപെടുന്ന ഒരു ശക്തി മാത്രം ആണ് എന്ന മനോഭാവം പൂർണ്ണമായും മാറ്റേണ്ടതാകുന്നു. കർത്താവ് ആരാണെന്ന ബോധ്യം, തിരിച്ചറിവ്, അതിലൂടെ ഓരോ അനുഗ്രഹങ്ങളും അനുഭവിക്കുമ്പോൾ പൂർണ്ണമായ സമർപ്പണവുമാണാവശ്യം. അങ്ങനെ പത്രോസിനെ രൂപാന്തരപ്പെടുത്തിയ കർത്താവ് നമ്മെയും, മൽസ്യത്തെ അല്ല മനുഷ്യനെത്തന്നെ പിടിക്കുന്നവരാക്കും. ഹൃദയകണ്ണുകളും, കാഴ്ചപ്പാടുകളും ലൗകിക അനുഗ്രഹങ്ങൾക്കപ്പുറമൊന്ന് ഓടിക്കാൻ ഇടയാകട്ടെ.. എങ്കിൽ മാത്രമേ വലിയവനായ ദൈവത്തിനു മുന്നിൽ നമ്മെതന്നെ താഴ്ത്തി ഏൽപ്പിക്കാൻ സാധിക്കു. ദൈവകൃപയും

ദാനവും അല്ലാതെ ജീവിതത്തിൽ ഒന്നുമില്ല എന്ന ചിന്ത ഓരോ നിമിഷവും ഭരിക്കാൻ ഇടയാകട്ടെ. ലഭിച്ച നന്മകളെ പ്രതി എന്നതിലധികമായി നന്മ ചൊരിഞ്ഞ ദാതാവിനെ മഹത്വപ്പെടുത്തി ജീവിക്കാൻ പത്രോസിന്റെ അനുഭവം നമുക്ക് ഇടയാക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. പരിശ്രമത്തെ പരാജയമാക്കി, പൂർണ്ണമായി ദൈവിക പരിജ്ഞാന ത്തിലെത്താൻ ദൈവകൃപ പത്രോസിന്റെ ജീവിതത്തിൽ ഇടപെട്ടതുപോലെ നമുക്കും ഇടയാകട്ടെ.

**പരാമർശം:**

**യശയ്യാവ് 6:5**

അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 052**